**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 191** **29-01-2024 - ൽ മറുപടിയ്ക്ക്**

**കോക്ലിയാർ ഇംപ്ലാന്റേഷൻ സർജറി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുരളി പെരുനെല്ലി | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കേൾവി ശേഷിയില്ലാത്ത കുട്ടികൾക്ക് നടത്തുന്ന കോക്ലിയാർ ഇംപ്ലാന്റേഷൻ സർജറി പദ്ധതിക്കുള്ള പ്രായ പരിധി എത്രയാണ്; | (എ) | 5 വയസ്സുവരെയുള്ള ഗുരുതരമായ ശ്രവണ വൈകല്യമുള്ള കുട്ടികൾക്കാണ് ശ്രുതിതരംഗം പദ്ധതി മുഖാന്തരം ചികിത്സാ ആനുകൂല്യങ്ങൾ നൽകുന്നത്. മെനിഞ്ചയിറ്റിസ് ബാധമൂലമുണ്ടാകുന്ന കേൾവി തകരാറുകളിൽ സാങ്കേതിക സമിതിയുടെ അംഗീകാരത്തോടുകൂടി പ്രായഭേദമന്യേ ചികിത്സാസഹായം നൽകുന്നുണ്ട്. |
| (ബി) | പ്രസ്തുത പ്രായ പരിധി കഴിഞ്ഞ, സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കുട്ടികൾക്ക് കോക്ലിയാർ ഇംപ്ലാന്റേഷന് സർക്കാർ ധനസഹായം എന്തെങ്കിലും നൽകുന്നുണ്ടോ; വിശദാംശങ്ങൾ നൽകാമോ; | (ബി) | കോക്ലിയർ ഇംപ്ലാന്റേഷൻ സർജറിക്ക് വിധേയരായ കുട്ടികൾക്ക് തുടർ സേവനങ്ങളായ ഉപകരണങ്ങളുടെ അറ്റകുറ്റപ്പണികൾ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ പ്രായഭേദമന്യേയും പ്രോസസ്സർ അപ്ഗ്രഡേഷൻ 25 വയസ്സ് വരെയും നൽകുന്നുണ്ട്. |
| (സി) | ശ്രുതി തരംഗം പദ്ധതിയുടെ മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ? | (സി) | ഗുരുതരമായ ശ്രവണ വൈകല്യമുള്ള, കേന്ദ്ര / സംസ്ഥാന സർക്കാർ ജീവനക്കാരോ ആദായ നികുതിദായകരോ അല്ലാത്ത കുടുംബങ്ങളിൽപ്പെട്ട 5 വയസ്സുവരെയുള്ള കുട്ടികൾക്കാണ് ശ്രുതിതരംഗം പദ്ധതി മുഖാന്തരം ചികിത്സാ ആനുകൂല്യങ്ങൾ നൽകുന്നത്. മെനിഞ്ചയിറ്റിസ് ബാധമൂലമുണ്ടാകുന്ന കേൾവി തകരാറുകളിൽ സാങ്കേതിക സമിതിയുടെ അംഗീകാരത്തോടുകൂടി പ്രായഭേദമന്യേ ചികിത്സാസഹായം ലഭിക്കും.<br>പ്രസ്തുത പദ്ധതി പ്രകാരം കോക്ലിയാർ ഇംപ്ലാന്റേഷൻ സർജറി, ഓഡിറ്ററി വെർബൽ തെറാപ്പി സെഷനുകൾ (140 എണ്ണം), ഉപകരണങ്ങളുടെ അറ്റകുറ്റപ്പണികൾ, പ്രോസസ്സർ അപ്ഗ്രഡേഷൻ എന്നീ സേവനങ്ങൾ പദ്ധതിയുടെ കീഴിൽ സംസ്ഥാന ആരോഗ്യ ഏജൻസിയുമായി എംപാനൽ ചെയ്യപ്പെട്ടിട്ടുള്ള ആശുപത്രികൾ മുഖാന്തരം നൽകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

**പതിനഞ്ചാം കേരള നിയമസഭ**
**പത്താം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 191 — 29.01.2024 ൽ മറുപടിയ്ക്ക്

**കോക്ലിയാർ ഇംപ്ലാന്റേഷൻ സർജറി**

| ചോദ്യം<br>ശ്രീ. മുരളി പെരുനെല്ലി | | ഉത്തരം<br>വീണാ ജോർജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | കേൾവി ശേഷിയില്ലാത്ത കുട്ടികൾക്ക് നടത്തുന്ന കോക്ലിയാർ ഇംപ്ലാന്റേഷൻ സർജറി പദ്ധതിക്കുള്ള പ്രായ പരിധി എത്രയാണ്; | (എ) | 5 വയസ്സുവരെയുള്ള ഗുരുതരമായ ശ്രവണ വൈകല്യമുള്ള കുട്ടികൾക്കാണ് ശ്രുതിതരംഗം പദ്ധതി മുഖാന്തരം ചികിത്സാ ആനുകൂല്യങ്ങൾ നൽകുന്നത്. മെനിഞ്ചയിറ്റിസ് ബാധമൂലമുണ്ടാകുന്ന കേൾവി തകരാറുകളിൽ സാങ്കേതിക സമിതിയുടെ അംഗീകാരത്തോടുകൂടി പ്രായഭേദമന്യേ ചികിത്സാസഹായം നൽകുന്നുണ്ട്. |
| (ബി) | പ്രസ്തുത പ്രായ പരിധി കഴിഞ്ഞ, സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കുട്ടികൾക്ക് കോക്ലിയാർ ഇംപ്ലാന്റേഷന് സർക്കാർ ധനസഹായം എന്തെങ്കിലും നൽകുന്നുണ്ടോ; വിശദാംശങ്ങൾ നൽകാമോ; | (ബി) | കോക്ലിയർ ഇംപ്ലാന്റേഷൻ സർജറിക്ക് വിധേയരായ കുട്ടികൾക്ക് തുടർ സേവനങ്ങളായ ഉപകരണങ്ങളുടെ അറ്റകുറ്റപ്പണികൾ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ പ്രായഭേദമന്യേയും പ്രോസസ്സർ അപ്ഗ്രഡേഷൻ 25 വയസ്സ് വരെയും നൽകുന്നുണ്ട്. |
| (സി) | ശ്രുതി തരംഗം പദ്ധതിയുടെ മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ? | (സി) | ഗുരുതരമായ ശ്രവണ വൈകല്യമുള്ള, കേന്ദ്ര / സംസ്ഥാന സർക്കാർ ജീവനക്കാരോ ആദായ നികുതിദായകരോ അല്ലാത്ത കുടുംബങ്ങളിൽപ്പെട്ട 5 വയസ്സുവരെയുള്ള കുട്ടികൾക്കാണ് ശ്രുതിതരംഗം പദ്ധതി മുഖാന്തരം ചികിത്സാ ആനുകൂല്യങ്ങൾ നൽകുന്നത്. മെനിഞ്ചയിറ്റിസ് ബാധമൂലമുണ്ടാകുന്ന കേൾവി തകരാറുകളിൽ സാങ്കേതിക സമിതിയുടെ അംഗീകാരത്തോടുകൂടി പ്രായഭേദമന്യേ ചികിത്സാസഹായം ലഭിക്കും.<br>പ്രസ്തുത പദ്ധതി പ്രകാരം കോക്ലിയാർ ഇംപ്ലാന്റേഷൻ സർജറി, ഓഡിറ്ററി വെർബൽ തെറാപ്പി സെഷനുകൾ (140 എണ്ണം), ഉപകരണങ്ങളുടെ അറ്റകുറ്റപ്പണികൾ, പ്രോസസ്സർ അപ്ഗ്രഡേഷൻ എന്നീ സേവനങ്ങൾ പദ്ധതിയുടെ കീഴിൽ സംസ്ഥാന ആരോഗ്യ ഏജൻസിയുമായി എംപാനൽ ചെയ്യപ്പെട്ടിട്ടുള്ള ആശുപത്രികൾ മുഖാന്തരം നൽകുന്നുണ്ട്. |

Sheela M

സെക്ഷൻ ഓഫീസർ